# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2421** 05.02.2018-ൽ മറുപടിക്ക്

## ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതി

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇലക്ട്രിക് കാറുകൾ വാങ്ങി ജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി വൈദ്യുതി ബോർഡ് നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | ഇലക്ട്രിക് കാറുകൾ വാങ്ങി ജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. കേരളത്തിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലും, എറണാകുളം ഡിസ്ട്രിബ്യൂഷൻ സർക്കിൾ ഓഫീസിലും, കോഴിക്കോട് വൈദ്യുതി ഭവനിലും D.C. fast charging സ്റ്റേഷനുകൾ സ്ഥാപിച്ച് രണ്ട് കാറുകൾ വീതം നൽകുന്ന E-Mobility പദ്ധതി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പൂർത്തീകരിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം ടെക്നോ പാർക്കിലും ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ വൈദ്യുതി കാറുകൾ ആറെണ്ണം വാങ്ങിക്കഴിഞ്ഞിട്ടുള്ളതും, ചാർജിംഗ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ട ദർഘാസ് നടപടികൾ നടന്നു വരുന്നു.<br><br>ദർഘാസ് മുഖാന്തിരം ആറ് കാറുകൾ ($E_2O^+$, $V_2$ Variant) കാറൊന്നിന് 9,37,000/- രൂപ ക്രമത്തിലാണ് വാങ്ങിയത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി വിജയകരമെന്നു കണ്ടാൽ വിപുലപ്പെടുത്തുന്നത് അലോചിക്കുന്നതാണ്. |
| (ബി) | ഇത്തരം കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് എന്ത് സംവിധാനമാണ് ബോർഡ് ഒരുക്കിയിരിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; കേരളത്തിൽ എവിടെയൊക്കെയാണ് ചാർജ്ജിംഗ് സ്റ്റേഷൻ ആരംഭിക്കുവാൻ പോകുന്നതെന്ന് വിശദമാക്കുമോ; | | |
| (ഡി) | എത്ര വാഹനങ്ങൾ/കാറുകൾ വാങ്ങുന്നതിനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നത്; ഇതിന്റെ വില സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ